



# തൊഴുകരം

— പാലാ രാജപ്പൻ

T61
R14

DHARMARAM COLLEGE LIBRARY
112821
BANGALORE

സ്തുതിഗീതങ്ങൾ

T61
R14

# തൊഴുകാരം

—പാലാ രാജപ്പൻ

അമലാ പ്രസിദ്ധീകരണം
പി. ബി. നമ്പർ 17, കോഴിക്കോട്-1.

# ഒരു വാക്കു്

അമലാ ബുക്കുസെൻറർ പ്രസാധനം ചെയ്യുന്ന തൊഴകരം എന്ന ഈ പുസ്തകത്തിൽ അടങ്ങിയിട്ടുള്ള ഗാനങ്ങൾ, ക്രൈസ്തവാചാരങ്ങളോടും, ക്രൈസ്തവമതതത്വങ്ങളോടും ഉള്ള എൻെറ യഥാർത്ഥസ്നേഹബഹുമാനാദികളുടെ പ്രതിഫലനങ്ങളാണു്. പ്രഗത്ഭരായ സംഗീതക്കാർക്കും, അല്ലാത്തവർക്കും ഈ പുസ്തകം ഒന്നു പോൽ ഉപകരിക്കത്തക്ക വിധത്തിൽ ഗാനങ്ങൾ ഓരോന്നും സംവിധാനം ചെയ്തിട്ടുണ്ടു്. ദൈവത്തിൽ വിശ്വസിക്കുകയും, മതത്തെ സ്നേഹിക്കുകയും ചെയ്യുന്ന എല്ലാഹൃദയങ്ങളിലും എൻെറ ഈ 'തൊഴകരം' സ്ഥാനം പിടിക്കുമെന്നു് എനിക്കു് ഉത്തമവിശ്വാസമുണ്ടു്.

ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണം ഏറെറടുത്ത അമലാ ബുക്കു സെൻ്ററിനോടു് എനിക്കു് നിസ്സീമമായ കൃതജ്ഞതയുണ്ടു്. സാന്മാർഗ്ഗിക നിലവാരമുയർത്താൻ പര്യാപ്തമായ പ്രവർത്തനം ഈ സ്ഥാപനത്തെ അഭിവൃദ്ധിയിൽ നിന്നു് അഭിവൃദ്ധിയിലേക്കു നയിക്കുന്നു

പാലാ
29-5-1960

പാലാ രാജപ്പൻ

DHARMARAM COLLEGE LIBRARY
11281
BANGALORE

## ഗാനം 1

(മധുമതി എന്ന ചിത്രത്തിലെ ആജാരെ......എന്ന രീതി)

(സംവിധാനം: പി. വി. എം. പന്തൽ)

മേരിയെ! മമതായെ!
ഞങ്ങൾ നിൻപദപൂജചെയ്യും, ദാസർ
നീ കനിയൂ അമലെ! (മേരിയെ....)

നിൻ തിരുനാമ ജപങ്ങളാലെന്നും
ധന്യരായുയരാൻ നീ കനിയേണെ!
യേശു മഹേശനെ നീ നൽകിയമ്മെ . . .
(മേരിയെ . . .)

നിൻ നയനങ്ങൾ സ്നേഹത്തിൻ മകുടം
നിൻ ഹൃദയം കൃപാസാഗരമല്ലെ? ! ! !
പാപികൾക്കെന്നുമാശ്രയം നീയേ . . .
(മേരിയേ . . . )

ആയിരമായിരം കരമുകുളങ്ങൾ
ആയിരമായിരം നീറും ഹൃദന്തം
സ്മരണയാൽ പുണ്യതീർത്ഥത്തിലണയവൂ . . .
(മേരിയേ . . .)

## ഗാനം 2

(ജരസാമ്നേതോ...,..എന്ന രീതി)

(പി. വി. എം. പന്തൽ)

കരുണാർദ്ര്യയാളെ! ലോകനാഥെ!
തവനാമഗീതികൾ പാടിടും ലോകെ
ലോകപാലകനേശു തന്നമ്മയെ!
വാഴ്കശോഭിതയായി മേരിയെ! (കരു...)

കരളുകളെല്ലാം പുളകമണിഞ്ഞു
ഉണരുകയായി പൂജിതയെ!
കരളു ..........................................................
......................................................................
(കരു...)

സുരഭിലമാകും ജീവിതമേകി
ആഗതികളെ നീ കാത്തിടണെ
സുരഭില......... ...............................................
......................................................................
(കരു...)

കദനമുയന്നാമിഴികൾ തളന്നു
നീറിയീ ഞങ്ങൾ വീണിടൊല്ലെ
(കരു...)

## ഗാനം 3

(കല്യാണപരിശ് എന്ന ചിത്രത്തിലെ ഉമൈറക്കണ്ട...... എന്ന രീതി)

(സംവിധാനം: പി. വി. എം. പന്തൽ)

തുണയേകും ലോകേശ!
മമദേവാ! സ്നേഹേശ!
കണ്ണീരിൽ മുഴകുന്ന ജീവാവലി
ആനന്ദമകല്ലം, ആശിച്ചതകല്ലം
നീറുന്ന ജീവിതമോ? നീറുന്ന....
നെഞ്ചിതില്ലുയരുന്ന ശോകാഗ്നിനാളം
കേണിട്ടന്നീലോകമെന്നീശാ!

ഞങ്ങളിതാമലർ
പാദങ്ങൾ തേടി
ഇരുളിൽ അലയ്വൂ
ലോകപിതാവെ!

മാനുഷനായി, കാൽവരിതന്നിൽ
ക്രൂശിതനായവനേ!... ക്രൂശിത....

(തുണ...)

പൊന്തിട്ടമഴലാലെയീലോകമെന്നും
പൂജിപ്പൂയെൻ സ്നേഹലോകേശ

പുണ്യനിലാവൊളി
പൂശിട്ടും തിങ്കൾ
കരളിൽ ഉയരും
ലോകപിതാവെ!

മനുഷനായി, കാൽവരിതന്നിൽ
ക്രൂശിതനായവനേ... ക്രൂശിത...

(തുണ...)

## ഗാനം 4

(ചോരി ചോരി എന്ന ചിത്രത്തിലെ ആജാസനം . . . എന്ന രീതി)

സംവിധാനം: അപ്പച്ചൻ

(പാലാ യൂത്തുകോൺഗ്രസ്സ് ഗായകൻ)

ആ ജീവനിൽ തിങ്ങിടും കൃപാരസം
ഞങ്ങളിൽ ചൊരിഞ്ഞിടേണെ
സ്വർഗ്ഗലോകരാജ്ഞിയെ! . .
പുണ്യപാദപൂജചെയ്തിടും . . . .
പുണ്യപാദ . . . . . . . . . . . .
മേരി,! മേരി,! നന്മതൻ
ഗീതം ഞങ്ങൾ പാടിടും
ദേഹി,...ദേഹി,. . തിന്മതൻ
കാനൽ തന്നിൽ വീഴൊല്ലേ!
സ്വർഗ്ഗലോക റാണിയെ!...നന്മതൻ പ്രകാശമെ!
നിന്നെ ഞങ്ങൾ വാഴ്ത്തിടും, ഭക്തിയോടെ
നിത്യവും
(ആജീവ . . .)

## ഗാനം 5

നീറുന്ന പാരിതിലെന്നും
ശോകത്തിൽ വീഴുന്നു ഞങ്ങൾ
ദീനമായ് ദീനമായ് കേണിടുന്നോരെ
കാത്തിടുലോകേശ,ദേവ
ലോകത്തിൽ വന്നുപിറന്ന നീനാഥാ!;
പൈ ക്കൂട്ടിലായി നീ യേശുവെ (നീറുന്ന . . .)
കാണും വെളിച്ചവും, കാററുമെല്ലാം
നീ തന്നെ പാലകനേശുവെ! (നീറുന്ന . . . .)

(ശ്രീ. പി. എം. പോൾ സംവിധാനം ചെയ്ത ഒരു പുതിയ രീതിയിലുള്ള ഗാനം.)

## ഗാനം 6

പാട്ടാളിയിൻശപഥം എന്ന ചിത്രത്തിലെ വാഴ്ക..വാഴ്ക..എ. രീതി

(സംവിധാനം: അപ്പച്ചൻ)

വാഴ്ക, വാഴ്ക മാമേരിയെ!
വാഴ്ക, വാഴ്ക മാമേരി!
നാരുച്ചൂട്ടം മൊഴിയാൽ നിന്നെ
വാഴ്ത്തിട്ടുന്നേവം നാഥെ! . . . വാഴ്ക . . .
വാഴ്ക വാഴ്ക മാമേരിയെ!
അമലപാദാംബുജങ്ങളിലെന്നുമെ
അണയ്വുമനമെൻ മാതാ!
കാനലിലും മലർവാടിയിലും
വീശുകയായ്ദ്യുതിമധുനിത്യം
പാപം തീർത്ത കാത്തരുളേണെ
കൃപ്പാ കൈകൾ നാഥെ! . . .
വാഴ്ക വാഴ്ക മാമേരി . . .
സുകൃതറാണിയാമമ്മയെ! എന്നുമെ. . .
തെളിയും വിണ്ണിൻ ദീപം
മാമരിയെ! മമ മാതാവെ!
ശോഭിതയെ! പരിപാവനയെ!
നിൻതിരുനാമം വാഴ്ത്തിട്ടുമെന്നും;
പാട്ടും ഞങ്ങൾ മോദാൽ . . .
വാഴ്ക.......................................................................
..........................................................................................

## ഗാഗം 7

(മധുമതി എന്ന ചിത്രത്തിലെ ദിൽതഡപ്പ്തഡപ്പ് .....എന്ന രീതി)

(സംവിധാനം: പി. ജെ. ജോർജ്ജ്)

കന്യമേരിയമ്മയെ വരുന്നു ഞങ്ങളാദരാൽ
കരങ്ങൾകൂപ്പിട്ടന്നിതാ, കരങ്ങൾകൂപ്പിട്ടന്നിതാ
പാതകങ്ങളാം കൊട്ടം തമസ്സുതിങ്ങടാ–
തെന്നും നിൻപ്രകാശമിങ്ങു വീശിടേണമെ
സ്തുതിച്ചിടുന്നു ഞങ്ങള്, സ്തുതിച്ചീടുന്നു ഞങ്ങള്
(കന്യ . . .)

ആത്മജ്യോതി നൽകി നിത്യജീവിതമിവർ–
ക്കേകുവാൻ കനിഞ്ഞിടേണെ ദിവ്യനാഥയെ
സ്തുതിച്ചിടുന്നു ഞങ്ങള്, സ്തുതിച്ചിടുന്നു ഞങ്ങള്
(കന്യ . . .)

നൊമ്പരത്തിൻ കാററുവീശും ജീവിതങ്ങളിൽ
നിത്യം നിൻദയാസാരിത്തൊഴുകിടേണമെ
സ്തുതിച്ചിടുന്നു ഞങ്ങള്, സ്തുതിച്ചീടുന്നു ഞങ്ങള്.

## ഗാനം 8

(മാശിലാ..... എന്ന രീതി)

(സംവിധാനം: അപ്പച്ചൻ)

നായികെ! ലോകനായികെ!
മാനവർ ഞങ്ങൾ വാഴ്ത്തീടുന്നിതാ

സത്യധർമ്മശുദ്ധകങ്ങൾ കോർത്തു ജീവിതങ്ങളിൽ
പുഷ്പവൃഷ്ടിവീഴ്ത്തീടും നീയമ്മയെന്നുമെ
കന്യമേരി!–ധന്യതായെ!
തിന്മയോടെതിർത്തു ഞങ്ങൾ വന്നിടുന്നിതാ

(നായികെ . . . )

തിന്നിലേറ്റുണഞ്ഞു നിത്യസേവചെയ്തു മേവുവാൻ,
പൊൻകരത്തിൽ ചുംബനങ്ങളേകി വാഴുവാൻ
മാനസ്സങ്ങൾ–ദാഹമോടെ
സ്വർഗ്ഗലോകരാജ്ഞിയെ! വണങ്ങിടുന്നിതാ

(നായികെ . . . )

## ഗാനം 9

(പ്രേമപാശം എന്ന ചിത്രത്തിലെ അവനല്ലാൽ......എന്ന രീതി)

(സംവിധാനം: അപ്പച്ചൻ)

മമ മാതാ! ഭുവിമീതെ, അരുളുമധുകാലം
ഓ . . . .അരുളുമധുകാലം

കുയിലുകൾ പാടിതവമധുഗാനം
മാലകൾ കോർക്കുകയായ്; വിണ്ണിൻ...പുഞ്ചിരിതൂ
വുന്നു...

നീയീലോകത്തിൽ നായികയെ (മമ . . . )
കഥപാടുകയായി അമലമേരിയെ
ഉലകം ഉയരാനായ്, ഈ ഉലകം ഉയരാനായ്
നീയെന്നാശ്രയമെന്നുനാളും
ഓ...........

വഴിമാറിവരാതെ ശോഭനമാകും ജീവിതമേകുനീ;
പരിപാവനെ! നിൻനാമം
ഇഹലോകമെങ്ങും മോഹനമായി–
തീർന്നിടുമെന്നാളും

നീയീലോകത്തിൻ നായികയെ (മമ...)

## ഗാനം 10

(ഒരു പുതിയരീതി)

(സംവിധാനം: പി. വി. എം. പന്തൽ)

ലോകേശനേശുപിറന്നു
ലോകൈകറാണിതൻ സൂനം! (ആ......)

കാലിത്തൊഴുത്തിൽ ജാതനായി
ലോകപിതാവെ! സ്നേഹരൂപാ!
കരുണാർദ്രനേശുദേവാ
പരിശോഭിതനെ! വാഴ്ക (ആ......)

ലോകേശ..........................................................

..........................................................

പാപികൾക്കാശ്രയദീപം നീ
ബേദ്ലഹേമിലുദിച്ചു നീ
ഭുവിതന്നിലെങ്ങുമുയർന്നു
പരിപാവനനാമങ്ങൾ (ആ. . . )

മഞ്ഞുപൊഴിഞ്ഞ രാത്രിയിൽ നിൻ
ലോകമുറങ്ങും വേളയിൽ നിൻ
ദ്യുതിതൻ കരങ്ങളണഞ്ഞി . . .
പാരിൽ കൗതുകം നിറഞ്ഞു (ആ......)

ലോകേശ..........................................................

..........................................................

## ഗാനം 11

(മേരിയെ മാതൃവെ...... എന്ന രീതി)

(സംവിധാനം: ജെ. നോബിൾ)

ക്രിസ്തുവേ! പാലകാ! സ്നേഹദായകാ!
മന്നിതിൻ ദീപമെ! വാഴ്ത്തിടുന്നിതാ!

(ക്രിസ്തു . .)

മുൾക്കിരീടം ചൂടിനിൻെറ പൊൻശിരസ്സിലായ്!
ചാട്ടയാലടിച്ച നിൻെറ മേനിതന്നിലായ്!
കണ്ണുനീർതൂവുന്നു നിന്നെയോർത്തിതാ !!!

(ക്രിസ്തു...)

ചോരയിൽ മുഴകിനിൻെറ മേനിയാകവെ;
നൊമ്പരങ്ങളേറിവന്ന നേരമൊക്കെയും
ഞങ്ങൾക്കായ് നിൻകരം കൂപ്പിയില്ലയോ

(ക്രിസ്തു . . . . )

DC Library
*00011281*
T61 R14





# തൊഴുകരം

— പാലാ രാജപ്പൻ

T61
R14